REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-06-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഖത്തർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഖത്തർ അമീറുമായി ടെലഫോണിൽ സംസാരിച്ചു.**
- **കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ രാജ്യം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരികയാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **ഈ മാസത്തെ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം ഇന്ന് ആരംഭിക്കും.**
- **സംസ്ഥാനത്ത് 15 പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു.**
- **ഒരുമാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് ഇന്ന് സമാപനമാകും.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഉസ്ബെക്കിസ്ഥാനെ തകർത്ത് പോർച്ചുഗൽ ആദ്യ ജയം നേടി. ഇംഗ്ലണ്ട് - ഘാന മത്സരം ഗോൾരഹിത സമനിലയിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഖത്തർ അമീർ ഷെയ്ക്ക് തമീം ബിൻ ഹമദ് അൽതാനിയുമായി ടെലഫോൺ സംഭാഷണം നടത്തി. ഖത്തറിലെ റാസ് ലഫാൻ വ്യവസായ നഗരത്തിലുണ്ടായ അപകടത്തിൽ, ഇന്ത്യക്കാരുടെ ജീവൻ നഷ്ടമായതിൽ ഖത്തർ അമീർ അനുശോചനം അറിയിച്ചു. പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

ദുരിത ബാധിതരുടെ കുടുംബങ്ങളോട് അനുശോചനം അറിയിച്ച ഖത്തർ നേതാവിന് പ്രധാനമന്ത്രി നന്ദി അറിയിച്ചു. പരിക്കേറ്റവർക്ക് സമയബന്ധിതമായി വൈദ്യസഹായം നൽകിയതിനെയും നരേന്ദ്രമോദി അഭിനന്ദിച്ചു. സംരംഭങ്ങൾ മേഖലയിലെ ശാശ്വത സമാധാനത്തിനും സ്ഥിരതയ്ക്കും കാരണമാകുമെന്നും മോദി പ്രത്യാശ പ്രകടിപ്പിച്ചു. വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം തുടരാൻ ഇരു നേതാക്കളും പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കി.

✪✪✪

ഖത്തറിലെ ഗ്യാസ് ഫാക്ടറിയിലെ സ്ഫോടനത്തിൽ മരിച്ച കോഴിക്കോട് വെള്ളൂർ സ്വദേശി കളരിയുള്ളതിൽ അർജുന്റെ മൃതദേഹം എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കുന്നതിന് ശ്രമം തുടരുന്നതായി KM അഭിജിത്ത് MLA അറിയിച്ചു.

ഖത്തർ ഇൻകാസ്, KMCC പ്രവർത്തകരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും, കൂടാതെ ഷാഫി പറമ്പിൽ MP മുഖേന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായും അഭിജിത് പറഞ്ഞു.

✪✪✪

നിർദ്ധിഷ്ട ഉഭയകക്ഷി വ്യാപാര കരാർ സംരക്ഷിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും ഇന്ത്യയും അമേരിക്കയും ഉന്നത തല ചർച്ചകൾ ആരംഭിച്ചു. കേന്ദ്രമന്ത്രി പീയുഷ് ഗോയൽ, US വ്യാപാര പ്രതിനിധി ജാമിസൺ ഗ്രീറുമായും ഇന്ത്യയിലെ US അംബാസിഡർ സെർജ്ജിയോ ഗോറുമായും ഇത് സംബന്ധിച്ച് ചർച്ച നടത്തി. ഇന്ത്യയിലെ വ്യാപാര പങ്കാളികൾക്ക് വാഷിംഗ്ടൺ ഏർപ്പെടുത്തിയ പത്ത് ശതമാനം താരിഫ് അവസാനിക്കാനിരിക്കെ അടുത്ത മാസം 24ന് മുമ്പ് ഇടക്കാല വ്യാപാര കരാർ അവസാനിപ്പിക്കാൻ ഇരുപക്ഷവും ലക്ഷ്യമിടുന്നു. ഫെബ്രുവരിയിൽ പ്രഖ്യാപിച്ച കരാർ പരിഷ്കരിക്കുന്നതിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചത്.

✪✪✪

ഇറാന്റെ പിന്തുണയോട് കൂടി പ്രോക്സി ഗ്രൂപ്പുകൾ പശ്ചിമേഷ്യയിൽ ഉടനീളം ആക്രമണങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും തുടരുന്നിടത്തോളം സമാധാനവും സ്ഥിരതയും കൈവരിക്കാനാവില്ലെന്ന് US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞു. പേർഷ്യൻ - ഗൾഫ് മേഖലയിലെ സന്ദർശനത്തിന്റെ ഭാഗമായി അബുദാബിയിൽ സംസാരിക്കുകയായിരുന്നു റൂബിയോ. ലെബനോണിലെ വെടി നിർത്തൽ ചർച്ചകൾ ഇറാനുമായി നടത്തുന്ന ചർച്ചകളിൽ നിന്ന് വ്യത്യസ്തമാണെന്നും അദ്ദേഹം അറിയിച്ചു. ഇറാനുവേണ്ടി 300 ബില്യൺ US ഡോളറിന്റെ പുനർനിർമ്മാണ ഫണ്ടിന് വാഷിംഗ്ടൺ പ്രാദേശിക പങ്കാളികളിൽ നിന്ന് സാമ്പത്തിക സംഭാവന തേടുമെന്ന സൂചനകൾ US സ്റ്റേറ്റ് സെക്രട്ടറി തള്ളി.

✪✪✪

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ രാജ്യം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരികയാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ന്യൂഡൽഹിയിലെ കൃഷി ഭവനിൽ 'ട്രാൻസ്ഫോർമേഷൻ ഓഫ് ഇന്ത്യൻ അഗ്രിക്കൾച്ചർ' സമ്മേളനത്തിൽ പങ്കെടുത്ത ശേഷം സാമൂഹിക മാധ്യമത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

കാർഷിക മേഖലയിലെ വിളവെടുപ്പാനന്തര പരിപാലനം, മൂല്യവർദ്ധന, കയറ്റുമതി പ്രോത്സാഹനം, ജലസംരക്ഷണം, ആധുനിക സാങ്കേതികവിദ്യ എന്നിവയ്ക്കും കേന്ദ്ര ഗവൺമെന്റ് മുൻഗണന നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഈ മാസത്തെ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം ഇന്ന് ആരംഭിക്കും. ആറര ലക്ഷത്തോളം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് അറിയിച്ചു. പെൻഷൻ വിതരണം ചെയ്യാൻ 952 കോടി രൂപ അനുവദിച്ചതായി ധനവകുപ്പ് അറിയിച്ചു. ജൂലൈ മൂന്നിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കാനാണ് നിർദേശം.

✪✪✪

കോഴിക്കോട്-വയനാട് ബദൽ പാതയായ 'പൂഴിത്തോട് - പടിഞ്ഞാറെത്തറ' റോഡിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയോട് യോഗം നിർദേശിച്ചു. കൂടുതൽ പഠനം ആവശ്യമാണെങ്കിൽ അതിന് തുക അനുവദിക്കാനും, തുടർപഠനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വനംവകുപ്പിന്റെ അനുമതി വേഗത്തിലാക്കാനും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും യോഗം തീരുമാനിച്ചു.

മറ്റ് ബദൽ പാതകളെ അപേക്ഷിച്ച് ദൂരവും വനമേഖലയും കുറഞ്ഞതും, ടണൽ ഉൾപ്പെടെ ആധുനിക നിർമ്മിതികൾ അടങ്ങുന്നതുമായ നിർദ്ദിഷ്ട പാതയ്ക്ക് പ്രാഥമിക പരിശോധനയിൽ 1800 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. തുടർനടപടികൾ വേഗത്തിലാക്കാൻ ജൂലൈ 15-ന് പൊതുമരാമത്ത്, വനം, കൃഷി, വൈദ്യുതി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ വിപുലമായ യോഗം ചേരും.

✪✪✪

സംസ്ഥാനത്ത് മുഹറം വെള്ളിയാഴ്ച ആചരിക്കുന്ന സാഹചര്യത്തിൽ, വ്യാഴാഴചത്തെ പൊതു അവധി വെള്ളിയാഴ്ചയിലേക്ക് മാറ്റി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. വ്യാഴാഴ്ച പ്രവൃത്തിദിവസം ആയിരിക്കും.

✪✪✪

സംസ്ഥാനത്ത് 15 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. അഞ്ച് ജില്ലകളിലാണ് ഷിഗല്ല സ്ഥിരീകരിച്ചത്. കോഴിക്കോട്-8, മലപ്പുറം-3, വയനാട്-2, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോരുത്തർക്കുമാണ് ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തത്.

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജൂൺ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ചത്.

സംസ്ഥാനത്ത് ജൂൺ മാസം 165 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 241 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു.

✪✪✪

നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ 11 പേരെ നിരീക്ഷണത്തിൽ നിന്ന് ഒഴിവാക്കി. നിരീക്ഷണ വേളയിൽ രോഗലക്ഷണങ്ങൾ ഉണ്ടാകാത്തതിനെ തുടർന്നാണിത്. നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്. രോഗബാധിതന്റെ സമ്പർക്കപ്പെട്ടികയിൽ പുതുതായി ആരും ഉൾപ്പെട്ടിട്ടില്ല.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റി ഡിവിഷൻ 5 ലെ 51 വീടുകൾ കൂടി ആരോഗ്യ പ്രവർത്തകർ ഇന്നലെ സന്ദർശിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ ഷിഗെല്ല, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ 11,006 വീടുകൾ സന്ദർശിച്ച് ബോധവത്കരണം നടത്തി പ്രതിരോധ നടപടികൾ ഉറപ്പാക്കി.

✪✪✪

ഒരുമാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് ഇന്ന് സമാപനമാകും. തൃക്കലശാട്ടോടെയാണ് സമാപനം.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി KO ശശിധരൻ.

..........വോയ്സ്..........

ചോതി വിളക്കണക്കൽ ,ശ്രീകോവിൽ പോളിക്കൽ, കലശ്ശാട്ടം കളഭാട്ടം, മുതിരേരി വാൾ തിരിച്ചെഴുന്നള്ളിക്കൽ തുടങ്ങി വൈവിധ്യമാർന്ന ചടങ്ങുകളാണ് ഇന്ന് നടക്കുക. കൂടാതെ സ്ഥാനികരും ഭക്തരും അക്കരെ കൊട്ടിയൂരിൽ നിന്ന് വിടവാങ്ങും. ഇനി 11 മാസക്കാലം അക്കരെ കൊട്ടിയൂരിൽ ആളും ആരവവും ഒഴിയും. വൈശാഖോത്സവത്തിലെ അവസാനത്തെ ചതുശ്ശതം ഇന്നലെ നടന്നു .ഇത്തവണ അഭൂതപൂർവ്വമായ തിരക്കാണ് കൊട്ടിയൂരുൽ അനുഭവപ്പെട്ടത്. കേരളത്തിനകത്തും പുറത്തുംനിന്നുമായി 50 ലക്ഷത്തിലേറെ പേരാണ് ദർശനത്തിനെത്തിയതെന്ന് എക്സിക്യൂട്ടീവ് ഓഫീസർ ഗോകുൽ പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തിയവർ ജില്ലയിലെ പ്രമുഖ ക്ഷേത്രങ്ങളിൽ ദർശനം നടത്തിയാണ് തിരിച്ചുപൊയത്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഉസ്ബെക്കിസ്ഥാനെ തകർത്ത് പോർച്ചുഗൽ ആദ്യ ജയം നേടി. ക്യാപ്റ്റൻ ക്രിസ്റ്റിയാനോ റൊണാൾഡോയുടെ ഇരട്ടഗോൾ മികവിലാണ് പോർച്ചുഗലിന്റെ നേട്ടം. ഇംഗ്ലണ്ട് - ഘാന മത്സരം  ഗോൾരഹിത സമനിലയിലായി. പനാമയ്ക്കെതിരായ മത്സരത്തിൽ ക്രൊയേഷ്യ എതിരില്ലാത്ത ഒരുഗോളിന് വിജയിച്ചു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

.........വോയ്സ്...........

രാവിലെ 7.30ന് മെക്സിക്കോയിൽ, കൊളംബിയ കോംഗോയെ നേരിടും. രാത്രി 12.30-ന് കാനഡയിൽ,  സ്വിറ്റ്സർലണ്ട് - കാനഡ മത്സരവും, സിയറ്റിൽ ബോസ്നിയ- ഖത്തർ മത്സരവുമാണ്.

ഫ്ലോറിഡയിൽ നാളെ പുലർച്ചെ 3.30ന് ബ്രസീൽ - സ്കോട്ലൻഡിനേയും, അറ്റ്ലാന്റയിൽ മൊറോക്കോ - ഹെയ്തിയെയും നേരിടും.

✪✪✪

ലണ്ടനിൽ FIH പ്രോ-ലീഗ് പുരുഷ ഹോക്കിയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ, പാകിസ്ഥാനെ മൂന്നിനെതിരെ നാല് ഗോളുകൾക്ക് കീഴടക്കി. അഭിഷേക് നൈൻ, നീലകണ്ഠ ശർമ, സുഖ്ജീത് സിംഗ്, രജീന്ദർ സിംഗ് എന്നിവരാണ് ഇന്ത്യക്കായി ഗോൾ നേടിയത്. ലണ്ടനിൽ നാളെ ഇന്ത്യ, ഇഗ്ലണ്ടിനെയും മറ്റന്നാൾ പാകിസ്ഥാനെയും നേരിടും. ഈ മാസം 28ന് ഇംഗ്ലണ്ടിനെതിരായ രണ്ടാമത്തെ മത്സരത്തോടെ, ഇന്ത്യയുടെ പര്യടനം അവസാനിക്കും.

✪✪✪

LDF ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 262 കോടി രൂപ വകമാറ്റി എന്ന് CAG കണ്ടെത്തിയതായി പ്രചരിക്കുന്ന വാർത്ത തെറ്റാണെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസ നടപടികൾ നൽകിയ ദുരിതാശ്വാസ നിധിയുടെ വിശ്വാസ്യത തകർക്കാനും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അരുതാത്തതെന്തോ സംഭവിച്ചു എന്ന പ്രതീതി ഉണ്ടാക്കാനുമാണ് പ്രചാരണമെന്ന് പ്രതിപക്ഷനേതാവ് വാർത്താകുറിപ്പിൽ അറിയിച്ചു. റിപ്പോർട്ടിനെ മറയാക്കി രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങൾ ബോധപൂർവ്വം പ്രചരിപ്പിക്കുകയാണെന്നും പിണറായി വിജയൻ കുറ്റപ്പെടുത്തി.

✪✪✪

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. KJ റീനയെ തൽസ്ഥാനത്ത് നിന്ന് നീക്കിയത് സ്റ്റേ ചെയ്ത കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഹൈകോടതി റദ്ദാക്കി. KAT നടപടി ചോദ്യം ചെയ്ത് ഗവണ്മെന്റ് നൽകിയ ഹരജിയിലാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ച KATയുടെ നടപടികളിൽ പിഴവുണ്ടായതായി കോടതി വ്യക്തമാക്കി. റീന നൽകിയ ഹർജി എത്രയും വേഗം ട്രൈബ്യൂണൽ പരിഗണിച്ച് തീർപ്പാക്കാനും കോടതി നിർദേശിച്ചു. ജസ്റ്റിസ് അനിൽ K നരേന്ദ്രൻ, ജസ്റ്റിസ് S മുരളികൃഷ്ണ എന്നിവരാണ് ഹരജി പരിഗണിച്ചത്.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇന്ന് 1000-ാമത്തെ വാണിജ്യ കപ്പലിനെ സ്വാഗതം ചെയ്യും. മദർഷിപ്പ് MSC Luciana  വൈകിട്ട് അഞ്ചോടെ തുറമുഖത്ത് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു. രണ്ട് വർഷത്തിൽ താഴെ സമയത്തിനുള്ളിൽ 1000 കപ്പലുകൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം ഇതിലൂടെ ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയാണ്.

തുറമുഖത്തിന്റെ ആദ്യ വാണിജ്യ കപ്പലായ San Fernando 2024 ജൂലൈ 11-നാണ് എത്തിയത്. വിഴിഞ്ഞത്ത് പൂർണ്ണമായ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2024 ഡിസംബർ 3-നാണ്.

✪✪✪

റബ്ബർ കൃഷിക്കെതിരായ കുപ്രചരണങ്ങൾ ചെറുക്കുമെന്ന് റബർ ബോർഡ് ചെയർമാൻ N ഹരി അറിയിച്ചു. ചെയർമാനായി ചുമതലയേറ്റ ശേഷം മാധ്യമങ്ങളോട് കോട്ടയത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

റബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾക്ക് മുൻഗണന നൽകുമെന്നും ടാപ്പ് ചെയ്യാത്ത തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിനും കർഷകരെ കൃഷിയിലേക്ക് മടക്കി കൊണ്ടുവരുന്നതിനും റബ്ബർ ബോർഡ് നേതൃപരമായ പങ്കുവഹിക്കുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

രാജ്യരക്ഷാ മന്ത്രാലയത്തിന് കീഴിലെ കണ്ണൂരിലെ DSC കേന്ദ്രത്തിലെ പേ & അക്കൗണ്ട്സ് ഓഫീസിന്റെ നവീകരിച്ച ബ്ലോക്ക് ഇന്ന് ഉദ്ഘാടനം ചെയ്യും. കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് MS ശരവണൻ മുഖ്യാതിഥിയാകും. കേന്ദ്രത്തിന്റെ ഡയമണ്ട് ജൂബിലി ആഘോഷവും ഇന്നാണ്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: അൻഷ കരീം, ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*